പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
**(2013-2014)**

**THIRD REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2013-2014)**

2013 ജൂൺ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th June 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(2013-2014)

THIRD REPORT

ON

THE SCRUTINY OF DEMANDS FOR GRANTS

(2013-2014)

684/2013.

## ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ, എം. എൽ. എ.
,, എം. ചന്ദ്രൻ, ,,
,, പി. കെ. ഗുരുദാസൻ, ,,
,, എം. ഹംസ, ,,
,, പി. എ. മാധവൻ, ,,
,, എൻ. എ. നെല്ലിക്കുന്ന്, ,,
,, എ. കെ. ശശീന്ദ്രൻ, ,,
,, കെ. ശിവദാസൻ നായർ, ,,
,, എം. എ. വാഹീദ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി
ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
,, എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

2013-'14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2013 ഏപ്രിൽ 17, 24 എന്നീ തീയതികളിൽ യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും, മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം, താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ | XVIII —വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും |
| ധനാഭ്യർത്ഥന നമ്പർ | XXIV —തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും |
| ധനാഭ്യർത്ഥന നമ്പർ | XXXIX —വൈദ്യുതപദ്ധതികൾ |
| ധനാഭ്യർത്ഥന നമ്പർ | XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2013 മേയ് മാസം 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VII.*

തിരുവനന്തപുരം,
2013 മേയ് 7.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത്—3337,15,54,000 രൂപ

ചാർജ്ജ് ചെയ്തത്—10,01,000 രൂപ

2210-01-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

04—മെഡിക്കൽ ക്ലെയിംസിന്റെ റീഇംബേഴ്സ്മെന്റ്

വിഹിതം—8,00,00,000 രൂപ (നോൺ പ്ലാൻ)

1. സംസ്ഥാനത്ത് ഇൻഷ്വർ ചെയ്യപ്പെടുന്ന തൊഴിലാളികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും മുൻ വർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും

വോട്ട് ചെയ്തത്—912,71,59,000 രൂപ

ചാർജ്ജ് ചെയ്തത്—ഇല്ല

2230-01-001-99—നടത്തിപ്പ്

വിഹിതം—4,14,99,000 രൂപ (നോൺ പ്ലാൻ)

2. ഈ ശീർഷകത്തിൽ വേതനം, വാഹനം വാങ്ങൽ, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിലേക്കായി 107.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-98—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക കമ്മിറ്റി

വിഹിതം—6,83,000 രൂപ (നോൺ പ്ലാൻ)

3. സംസ്ഥാനത്തെ പരമ്പരാഗത മേഖലയിലും അല്ലാതെയും പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കൂലി, ബോണസ്, സേവന വേതന വ്യവസ്ഥകൾ തുടങ്ങിയവ തീരുമാനിക്കുന്ന ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന വ്യവസായ ബന്ധ സമിതികളിലെ അംഗങ്ങളുടെയും മിനിമം വേജസ് കമ്മിറ്റി അംഗങ്ങളുടെയും യാത്രാച്ചെലവുകൾക്കും ഓഫീസ് ചെലവുകൾക്കും വേണ്ടി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

684/2013.

2230-01-101-97—സ്റ്റേറ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ്

വിഹിതം—36,83,000 രൂപ (നോൺ പ്ലാൻ)

4. സ്റ്റേറ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ് സെക്രട്ടറിയുടെയും മെമ്പർമാരുടെയും ജീവനക്കാരുടെയും ശമ്പളം, യാത്രാപ്പടി, ഓഫീസ് ചെലവ് എന്നിവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെലവ് ഇനത്തിൽ വക കൊളളിച്ചിട്ടുളള തുക കുറവായതിനാൽ 05-ഓഫീസ് ചെലവുകൾ എന്നയിനത്തിൽ 22,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

05-(4)—മറ്റിനങ്ങൾ

വിഹിതം—52,000 രൂപ (നോൺ പ്ലാൻ)

5. ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഫോട്ടോകോപ്പി മെഷീനും ഫർണിച്ചറും വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

06—വാടക, കരം, നികുതി

വിഹിതം—50,000 രൂപ (നോൺ പ്ലാൻ)

6. വ്യാവസായിക ട്രിബ്യൂണലിന്റെ വാടക, കരം, നികുതി ഇനത്തിൽ 24-2-2012 മുതലുളള കുടിശ്ശിക നൽകേണ്ടതിനാൽ ടി ശീർഷകത്തിൽ 1.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-94—വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

99—വിവരസാങ്കേതിക വിദ്യ

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

7. ഈ ശീർഷകത്തിൽ അനുവദിച്ച തുക ഓഫീസ് നടപടികൾ കമ്പ്യൂട്ടർവത്കരിക്കുന്നതിന് അപര്യാപ്തമായതിനാൽ 1.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-93—തൊഴിൽ കോടതി, കൊല്ലം

99—വിവരസാങ്കേതിക വിദ്യ

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

8. കൊല്ലം തൊഴിൽ കോടതിയിൽ സ്ഥാപിച്ചിട്ടുളള 3 കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസിന് ടി തുക അപര്യാപ്തമായതിനാൽ 49,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം—47,87,000 രൂപ (നോൺ പ്ലാൻ)

9. കോഴിക്കോട് തൊഴിൽ കോടതിക്ക് വൈദ്യുത ചെലവുകൾ, മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.33 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം—52,11,000 രൂപ (നോൺ പ്ലാൻ)

10. എറണാകുളം തൊഴിൽ കോടതിക്ക് ടെലഫോൺ, സംരക്ഷണവും അറ്റകുറ്റപ്പണികളും തുടങ്ങിയവയ്ക്കായി 35,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-89—തൊഴിൽ കോടതി, കണ്ണൂർ

21(2)—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും

വിഹിതം—15,000 രൂപ (നോൺ പ്ലാൻ)

11. കണ്ണൂർ തൊഴിൽ കോടതിക്ക് കാർ റിപ്പയർ ചെയ്യുന്നതിലേക്കായി 18,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം—52,49,000 രൂപ (നോൺ പ്ലാൻ)

12. ഇടുക്കി വ്യാവസായിക ട്രിബ്യൂണലിന് യാത്രാബത്ത, വൈദ്യുത ചെലവുകൾ, ടെലഫോൺ ചെലവ്, വാടക, കരം, നികുതി, സംരക്ഷണവും അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായും പുതിയ വാഹനം വാങ്ങുന്നതിലേക്കുമായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 16.53 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-102-99—വ്യവസായശാലാ ഡയറക്ടറാഫീസ്

21(1)—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

13. വ്യവസായശാലാ ഡയറക്ടറാഫീസിന് വാങ്ങുവാൻ അനുമതി ലഭിച്ച 2 വാഹനങ്ങൾ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 19.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

04—യാത്രാചെലവുകൾ

വിഹിതം—3,36,000 രൂപ (നോൺ പ്ലാൻ)

14. ജീവനക്കാരുടെ യാത്രാപ്പടി, കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,64,000 രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്

വിഹിതം—1,97,84,000 രൂപ (നോൺ പ്ലാൻ)

15. കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും പ്രവർത്തനത്തിന് 99-വിവരസാങ്കേതിക ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക കുറവായതിനാൽ ഈ ഇനത്തിൽ 45,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-96—കശുവണ്ടി തൊഴിലാളി ക്ഷേമനിധി-അംശദാനം

വിഹിതം—7,10,00,000 രൂപ (നോൺ പ്ലാൻ)

16. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള 2012-13-ലെ മൂന്ന് മാസത്തെ പെൻഷൻ ബാദ്ധ്യതയും 2013-14-ൽ പെൻഷൻ നിരക്ക് സർക്കാർ 525 രൂപയായി ഉയർത്തിയതുമൂലം ഉണ്ടായ വർദ്ധനവും കണക്കിലെടുക്കുമ്പോൾ ഇപ്പോൾ വകയിരുത്തിയിരിക്കുന്നതിനു പുറമെ അധിക തുക ബോർഡിന് ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ നിലവിലെ വിഹിതം കൂടാതെ 3802.44 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-94—മരം കയറ്റത്തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

വിഹിതം—1,00,00,000 രൂപ (നോൺ പ്ലാൻ)

17. മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. മരംകയറ്റ തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000 രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകിവരുന്നു. ഈ തുക കാലോചിതമായി പരിഷ്ക്കരിക്കേണ്ടത് ആവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത തുകകൾ യഥാക്രമം 1,00,000 രൂപയും 50,000 രൂപയും ആയി വർദ്ധിപ്പിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

18. 2012-13 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക 2012 നവംബർ വരെയുള്ള അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ നൽകുവാൻ മാത്രമേ പര്യാപ്തമായിരുന്നുള്ളു. 2012 ഡിസംബർ മുതൽ 2013 മാർച്ച് വരെയും

2013-14 സാമ്പത്തിക വർഷത്തേയും ആനുകൂല്യ വിതരണത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-92—കേരളത്തിലെ കൈത്തറിത്തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി

വിഹിതം—30,80,000 രൂപ (നോൺ പ്ലാൻ)

19. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ നിരക്ക് 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 9451 പെൻഷൻകാരുള്ള ബോർഡിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 570 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-88—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

വിഹിതം—16,38,000 രൂപ (നോൺ പ്ലാൻ)

20. മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനം വകയിരുത്തുന്ന ഈ ശീർഷകത്തിൽ 112.46 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-87—പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം

വിഹിതം—40,00,000 രൂപ (നോൺ പ്ലാൻ)

21. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഉത്സവബത്തയായി 2012-13-ൽ 600 രൂപ വീതമാണ് നൽകിയിരുന്നത്. ഈ തുക തികച്ചും തുച്ഛമായതിനാൽ ഉത്സവബത്ത 600 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-86—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റു പുതിയ ക്ഷേമപദ്ധതികളും

വിഹിതം—1,03,00,000 രൂപ (നോൺ പ്ലാൻ)

22. തയ്യൽ തൊഴിലാളി പെൻഷൻ 400 രൂപയിൽ നിന്നും 525 രൂപയായി ഉയർത്തിയ സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷനും ബോർഡിന് അംശദാനവും നൽകുവാൻ 284.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

2230-01-103-79—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

വിഹിതം—22,00,000 രൂപ (നോൺ പ്ലാൻ)

23. കളള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2013-14 സാമ്പത്തിക വർഷം വരെ 19.85 കോടി രൂപ ഗ്രാന്റായി ലഭിക്കുവാനുളളതിനാൽ 2013-14 വർഷം വകയിരുത്തിയിട്ടുളള 22 ലക്ഷം രൂപയ്ക്കു പുറമെ 1963 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-73—കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി—അംശദാനം

വിഹിതം—18,70,000 രൂപ (നോൺ പ്ലാൻ)

24. 2013-14 സാമ്പത്തിക വർഷത്തിൽ ക്ഷേമപെൻഷൻ 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ അംഗങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുവാനായി ഈ ശീർഷകത്തിൽ 146.80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്—അംശദാനം

വിഹിതം—76,17,000 രൂപ (നോൺ പ്ലാൻ)

25. കേരള കർഷക തൊഴിലാളി ക്ഷേമബോർഡിലെ അംഗങ്ങൾക്ക് ക്ഷേമാനുകൂല്യ വിതരണത്തിന് 129 കോടിയിലധികം രൂപ ആവശ്യമായ സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 12828 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-71—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമനിധി ബോർഡ്—അംശദാനം

വിഹിതം—1,00,00,000 രൂപ (നോൺ പ്ലാൻ)

26. 2012-13 സാമ്പത്തിക വർഷത്തെ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും നിലവിലെ പെൻഷനിൽ 125 രൂപ വർദ്ധനവ് ഉണ്ടായ സാഹചര്യത്തിലും ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 312.57 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-62—പ്ലാന്റേഷൻ തൊഴിലാളികൾക്കുളള ആശ്വാസനിധി

വിഹിതം—1,00,00,000 രൂപ (നോൺ പ്ലാൻ)

27. ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ അടഞ്ഞു കിടക്കുന്ന തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം (ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെ), ആരോഗ്യം എന്നീ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനുളള സംഖ്യ വകകൊളളിച്ചിട്ടുളളതാണ് ഈ ശീർഷകം. വർഷം തോറും 5 കോടിയിലധികം രൂപ ആവശ്യമായി വരുന്ന ഒരു സാമൂഹ്യ സുരക്ഷാ ക്ഷേമപദ്ധതിയായ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-61—കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി

വിഹിതം—17,00,000 രൂപ (നോൺ പ്ലാൻ)

28. 2012-13-ലെ പെൻഷൻ കുടിശ്ശികയ്ക്കും 2013-14-ലേക്കുള്ള പെൻഷനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 31.11 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-59—കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്

വിഹിതം—1,50,00,000 രൂപ (നോൺ പ്ലാൻ)

29. 2007-08 മുതൽ 2013-14 വരെയുള്ള സർക്കാർ വിഹിതമായ 3,39,68,000 രൂപ കുടിശ്ശികയുണ്ട്. ആയത് സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ട സാഹചര്യത്തിൽ 2013-14-ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 189.68 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-58—കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

30. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തുടക്കത്തിൽ (2009-10-ൽ) അനുവദിച്ചിരുന്ന 10 ലക്ഷം രൂപ അല്ലാതെ നാളിതുവരെ ബോർഡിന് മറ്റ് തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ ബോർഡിന്റെ ഭരണ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 39.75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-57—കേരള ആഭരണ തൊഴിലാളി ക്ഷേമനിധി

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

31. കേരള ജൂവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ടിലേക്കുള്ള സർക്കാർ വിഹിതം നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 15.3 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-50—കേരള അലക്കു തൊഴിലാളി ക്ഷേമനിധി പദ്ധതി

വിഹിതം—13,00,000 രൂപ (നോൺ പ്ലാൻ)

32. കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി വ്യവസ്ഥ പ്രകാരം സർക്കാർ കോൺട്രിബ്യൂഷനായി 2008-09 മുതൽ 2013-14 വരെയുള്ള കുടിശ്ശികയും കൂടാതെ പെൻഷൻ നൽകുന്നത് ഗവൺമെന്റിൽ നിന്നുമാകയാൽ ആയിനത്തിൽ 2013-14 ലേക്കുള്ള വിഹിതവും അനുവദിക്കേണ്ടതിനാൽ 43.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-35—കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതി

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

33. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടു തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ ചെലവിനത്തിനായുള്ള ഈ ശീർഷകത്തിൽ 2009-10, 2010-11 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 128.46 ലക്ഷം രൂപയും 255 ലക്ഷം രൂപയും അനുവദിച്ചിരുന്നു. എന്നാൽ 2011-12, 2012-13 വർഷങ്ങളിലും ഈ സാമ്പത്തിക വർഷവും കേവലം 1,000 രൂപ ടോക്കൺ വിഹിതം മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പദ്ധതി പ്രകാരമുള്ള പെൻഷൻ, വിവിധ ആനുകൂല്യങ്ങൾ, മറ്റു താൽക്കാലിക ചെലവുകൾ എന്നിവ നൽകുന്ന പൊതു ക്ഷേമനിധി ഫണ്ടിനായി ടോക്കൺ വിഹിതം മാത്രം വകയിരുത്തിയതിലെ അപാകത സമിതി പ്രത്യേകം ചൂണ്ടിക്കാണിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 311 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-34—കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

34. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-33—പരമ്പരാഗതമേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം

വിഹിതം—75,00,00,000 രൂപ (പ്ലാൻ)

35. പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള, 25,000 രൂപയോ അതിൽ കുറവോ വാർഷിക വരുമാനമുള്ള തൊഴിലാളികൾക്ക് പ്രതിവർഷം 1250 രൂപയിൽ കുറയാത്ത സാമ്പത്തിക സഹായം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിയിൻകീഴിൽ മത്സ്യ തൊഴിലാളികൾ, ബീഡി, ഖാദി, കയർ, മത്സ്യ സംസ്ക്കരണം എന്നീ മേഖലയിലെ തൊഴിലാളികൾ, കുട്ട/പായ് നെയ്യുന്നവർ തുടങ്ങിയവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 2,500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-25—അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ

വിഹിതം—50,00,000 രൂപ (പ്ലാൻ)

36. കഴിഞ്ഞ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 4,25,00,000 രൂപ അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മുൻ വർഷത്തെ അതേ വിഹിതം ഈ വർഷവും ലഭ്യമാക്കുന്നതിനായി 375 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം—35,23,55,000 രൂപ (നോൺ പ്ലാൻ)

37. പദ്ധതിയിതരയിനത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധി യാത്രാനുകൂല്യം, വാഹനം വാങ്ങൽ, വിവരസാങ്കേതികവിദ്യ, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 129.73 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ)

വിഹിതം—12,00,00,000 രൂപ (പ്ലാൻ)

38. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വിധവ/ഉപേക്ഷിക്കപ്പെട്ടവർ/വിവാഹമോചിത/അവിവാഹിത അമ്മ/35-ന് മേൽ പ്രായമുള്ള അവിവാഹിത വിഭാഗങ്ങളിൽപ്പെടുന്ന വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നതിനായി 2010-2011-ൽ ആരംഭിച്ചതാണ് ഈ സ്വയം തൊഴിൽ പദ്ധതി. പ്രസ്തുത പദ്ധതിയിൻകീഴിൽ ധനസഹായം ലഭിക്കുന്നതിനായി 7000 അപേക്ഷകൾ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് 2500 ഓളം പേർക്ക് മാത്രമേ ധനസഹായം നൽകാൻ കഴിയൂ. ആകയാൽ ഈ പദ്ധതിക്കായി 1,000 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

34—മറ്റു ചെലവുകൾ

വിഹിതം—2,33,000 രൂപ (നോൺ പ്ലാൻ)

39. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടത്തക്കവിധം സി.ജി.സി.കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 27,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-101-88—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ

വിഹിതം—2,50,00,000 രൂപ (പ്ലാൻ)

40. 2013-14 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 250 ലക്ഷം രൂപ വിനിയോഗിച്ച് സ്വന്തമായി കെട്ടിടമുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള കണ്ണൂർ, മലപ്പുറം, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു വേണ്ടിയുള്ള തുടർ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

04-1—യാത്രാബത്ത

വിഹിതം—39,43,000 രൂപ (നോൺ പ്ലാൻ)

41. 2008-09 മുതൽ 42 പുതിയ ഐ.ടി.ഐ.കൾ കൂടുതലായി അനുവദിക്കുകയും പല ഐ.ടി.ഐ.കളും മികവിന്റെ കേന്ദ്രങ്ങളായും ഒന്നാം ഗ്രേഡ് ഐ.ടി.ഐ.കളായും ഉയർത്തിയിട്ടുമുണ്ട്. കൂടാതെ 2012-13 സാമ്പത്തിക വർഷത്തിൽ വകുപ്പിൽ 180 ഇൻസ്ട്രക്ടർമാരെ 4 മൊഡ്യൂളുകളായി സി.റ്റി.ഐ. ട്രെയിനിംഗിനായി നിയോഗിച്ചതിനാൽ ഒരാൾക്ക് ഒരു മൊഡ്യൂളിന് ശരാശരി 20,000 രൂപവച്ച് 4 മൊഡ്യൂളുകളിലായി ശരാശരി 80,000 രൂപ എന്ന പ്രകാരത്തിൽ 180 ഇൻസ്ട്രക്ടർമാർക്ക് 1,44,00,000 രൂപ യാത്രാബത്തയിനത്തിൽ ആവശ്യമായും വരുന്ന ഈ സാഹചര്യത്തിൽ ഇതിനായി വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ യാത്രാബത്ത ഇനത്തിൽ 110.57 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

04-2—സ്ഥലംമാറ്റ ബത്ത

വിഹിതം—4,58,000 രൂപ (നോൺ പ്ലാൻ)

42. വ്യാവസായിക പരിശീലന കേന്ദ്രത്തിനായി സ്ഥലംമാറ്റ ബത്ത ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

04-4—അവധി യാത്രാനുകൂല്യം

വിഹിതം—8,82,000 രൂപ (നോൺ പ്ലാൻ)

43. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-74—വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

44. ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ 131.83 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്-സഹായധനം

വിഹിതം—15,00,000 രൂപ (പ്ലാൻ)

16,50,000 രൂപ (നോൺ പ്ലാൻ)

45. കിലെയുടെ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 180 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നതിൽ 150 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തൊഴിൽ ഭവനിൽ അഞ്ചാം നിലയിൽ കിലെയ്ക്ക് അനുവദിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, പരിശീലന ഗവേഷണ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും 30 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

46. ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളം, ആനുകൂല്യങ്ങൾ, പുനർ നിർണ്ണയിച്ച വാടക തുടങ്ങിയ ചെലവുകൾക്ക് നോൺ പ്ലാൻ ഇനത്തിൽ 3.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4250-00-800-99—നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്

വിഹിതം—141,00,00,000 രൂപ (പ്ലാൻ)

47. 2011-12-ൽ എം.എൽ.എ. ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും ആ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ വർദ്ധിപ്പിച്ച വിഹിതം അനുവദിച്ചിരുന്നില്ല. ഈ തുക 2012-13-ലെ വിഹിതത്തിൽ നിന്നാണ് അനുവദിച്ചത്. ആയതിനാൽ 2012-13-ലെ വിഹിതമായ 141 കോടിയിൽ 35.25 കോടിയുടെ കുറവുണ്ടായി. 2013-14-ലെ വിഹിതമായ 141 കോടി രൂപയ്ക്ക് പുറമെ 3525 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

വോട്ട് ചെയ്തത്—152,61,87,000 രൂപ

ചാർജ്ജ് ചെയ്തത്—ഇല്ല

2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്ന് ഒഴിവാക്കിയതിലുള്ള സബ്സിഡി

48. പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്ന് ഒഴിവാക്കിയതിലുള്ള സബ്സിഡിയായി പ്രഖ്യാപിച്ചിരുന്ന ആകെ തുകയായ 294.02 കോടിയുടെ ആദ്യഗഡുവായ 25 കോടി രൂപ മാത്രമാണ് 2012-13 സാമ്പത്തിക വർഷം വൈദ്യുതി ബോർഡിന് ലഭിച്ചത്. ബാക്കിയുള്ള തുക 2012-13-ലെ പുതുക്കിയ ബഡ്ജറ്റിലോ 2013-14-ലെ ബഡ്ജറ്റിലോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 26902 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

49. ഈ പദ്ധതി 2013-14 സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതിനാൽ ഈ സാമ്പത്തിക വർഷത്തേക്കുള്ള സബ്സിഡിക്കായി 25000 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർച്ചാർജ്ജിൽ നിന്നും ഒഴിവാക്കിയതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക ബാദ്ധ്യത നികത്തുന്നതിലേക്കായി അനുവദിച്ച സബ്സിഡി.

50. പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർച്ചാർജ്ജിൽ നിന്നും 1-10-2012 മുതൽ 31-12-2012 വരെ ഒഴിവാക്കിയതുമൂലം വൈദ്യുതി ബോർഡിനുണ്ടായ സാമ്പത്തിക ബാദ്ധ്യത നികത്തുന്നതിലേക്കായി സബ്സിഡിയിനത്തിൽ അനുവദിച്ച 25 കോടി രൂപ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി ബോർഡ് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ ഈയിനത്തിൽ ബോർഡിനനുവദിച്ച 2500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2810-00-800-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

വിഹിതം—2,24,15,000 രൂപ (നോൺ പ്ലാൻ)

51. അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കുള്ള തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത ചെലവുകൾക്ക് ഈ തുക അപര്യാപ്തമാണ്. TESM പദ്ധതി നിർത്തലായതോടുകൂടി മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽനിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്താറുള്ള 250 ലക്ഷം രൂപ നിർത്തലാക്കിയിരിക്കുകയാണ്. അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് പ്രകാരം 2013-14 വർഷത്തിലേക്ക് പ്രതീക്ഷിക്കുന്ന പദ്ധതി ഇതര ചെലവുകൾ 457.16 ലക്ഷം രൂപയാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 233.01 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം—1,38,00,000 രൂപ (പ്ലാൻ)

54,50,000 രൂപ (നോൺ പ്ലാൻ)

01—സംസ്ഥാന കൺസർവേഷൻ അവാർഡുകൾ

52. ഊർജ്ജ സംരക്ഷണ അവാർഡുകൾ നല്കുന്നതിനായും ഊർജ്ജസംരക്ഷണ മാസാചരണം സംഘടിപ്പിക്കുന്നതിനായും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

02—എനർജി കൺസർവേഷൻ ആക്റ്റിവിറ്റീസ്

53. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ആവശ്യകത അധികരിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. വ്യവസായങ്ങളിലെ ഊർജ്ജസംരക്ഷണ പരിപാടികൾക്കും എനർജി ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ലൈബ്രറികളിലൂടെയുള്ള ഊർജ്ജ സംരക്ഷണ പരിപാടികൾക്കും സംസ്ഥാനത്തെ ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലൂടെയുള്ള ഊർജ്ജ സംരക്ഷണ പരിപാടികൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള പരിപാടിക്കും വീട്ടമ്മമാർക്ക് ഊർജ്ജ സംരക്ഷണ കാര്യങ്ങളിൽ അറിവു പകരുന്നതിനായുള്ള ഊർജ്ജ ക്ലിനിക്കിന്റെ പ്രവർത്തനം വ്യാപകമാക്കേണ്ടതിനും ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾക്കും മറ്റുമായി ഈ ശീർഷകത്തിൽ 225 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

03—ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്പ്മെന്റ് ആന്റ് ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെംഗ്തെനിങ്ങ്

54. ഗവേഷണ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പഠനങ്ങളും ഉല്പന്ന വികസനവും പ്രോത്സാഹിപ്പിക്കുക, നിലവിലുള്ള ഐ.ടി. ഇൻഫ്രാസ്ട്രക്ചർ, ലൈബ്രറി എന്നിവ ശക്തിപ്പെടുത്തുക, ഇ.എം.സി. സ്റ്റാഫിന്റെ കാര്യശേഷി വർദ്ധിപ്പിക്കുക, ഊർജ്ജ സംരക്ഷണ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

04—സി.എഫ്.എൽ.ന്റെ സുരക്ഷിതമാർഗ്ഗത്തിലൂടെയുള്ള നശിപ്പിക്കൽ

55. സി.എഫ്.എൽ. വിളക്കുകളിലെ ചെറിയതോതിലുള്ളള മെർക്കുറി പരിസര മലിനീകരണം ഉളവാക്കുന്നതിനാൽ സി.എഫ്.എൽ.കളുടെ ഉപയോഗം കൂടിവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇവ നശിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിലേക്കായി ഒരു റീസൈക്കിൾ പ്ലാന്റ് ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 485 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

56. എനർജി മാനേജ്മെന്റ് സെന്ററിനും എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനും സർക്കാർ അനുവദിച്ച സ്ഥലത്ത് ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

57. മുനിസിപ്പാലിറ്റികളിലെ ഊർജ്ജ കാര്യക്ഷമതാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കാര്യക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുക, സീറോ വാട്ട് ബൾബുകൾക്ക് പകരം ഒരു വാട്ട് എൽ.ഇ.ഡി. വിളക്കുകൾ നൽകുന്നതിനും മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങൾ എന്ന പരിപാടി നടപ്പിലാക്കുക, ബോട്ട് ജെട്ടികളിലും മറ്റും സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുക എന്നിവയ്ക്കായി 175 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. എനർജി മാനേജ്മെൻറ് സെന്ററിൽ ശമ്പളം, യാത്രാചെലവുകൾ, തപാൽ, ടെലിഫോൺ, ഇലക്ട്രിസിറ്റി, വാട്ടർ, പ്രിന്റിംഗ്, കരം, നികുതി എന്നീ പ്രവർത്തന ചെലവുകൾക്ക് അധിക തുക ആവശ്യമായിവരുന്ന സാഹചര്യത്തിൽ നോൺ പ്ലാനിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 135.50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4810-00-800-97—സ്മാൾ ഹൈഡ്രോ പവർ ഡെവലപ്പ്മെന്റ് (ആർ.ഐ.ഡി.എഫ്.)

വിഹിതം—2,00,00,000 രൂപ (നോൺ പ്ലാൻ)

59. ഈ ശീർഷകത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള ടർബൈനുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കും, മൈക്രോ ഹൈഡ്രോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനും ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള യുനീഡോ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനുമായി 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4810-00-800-99—മീറ്റർ ടെസ്റ്റിംഗ് ലാബോറട്ടറിയുടെ നവീകരണ പദ്ധതി-മരാമത്ത് പണികൾ

വിഹിതം—3,40,00,000 രൂപ (പ്ലാൻ)

60. 2012-13 സാമ്പത്തിക വർഷത്തിൽ 4 ആട്ടോമാറ്റിക് എനർജി മീറ്റർ ടെസ്റ്റ് ബഞ്ച് ലഭിച്ചത് സ്പെസിഫിക്കേഷൻ അനുസരിച്ച് അല്ലാത്തതിനാൽ അവ തിരസ്ക്കരിക്കേണ്ടതായിവന്നു. ആയത് 2013-14 സാമ്പത്തിക വർഷം വാങ്ങേണ്ടതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

2235-60-102-98—കർഷക തൊഴിലാളി പെൻഷൻ

വിഹിതം—ഇല്ല

61. 2013-14-ലെ ബഡ്ജറ്റിൽ എല്ലാ ക്ഷേമപെൻഷനുകളും 525 രൂപയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തന്മൂലം കർഷക തൊഴിലാളി പെൻഷൻ നിരക്കും 525 രൂപയായി ഉയർത്തപ്പെടും. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റീസ്, കോർപ്പറേഷൻ എന്നിവിടങ്ങളിലെ പെൻഷൻ വിതരണത്തിന് 2013-14 സാമ്പത്തിക വർഷത്തിൽ അധികം തുക വേണ്ടിവരും. ആയതിനാൽ ഈ ശീർഷകത്തിൽ 7858 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VII.*

തിരുവനന്തപുരം,
2013 മേയ് 7.